# വിശുദ്ധിയും വേർപാടും

## ദാനിയേൽ 1:8

**"എന്നാൽ രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു, തനിക്കു അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്നു ഷണ്ഡാധിപനോടു അപേക്ഷിച്ചു."**

ദാനിയേലിന്റെ ജീവിതത്തെ മുഴുവനായി മാറ്റിമറിച്ച ഒരു ഉറച്ച തീരുമാനമാണ് നാം ഇവിടെ വായിച്ചത്. രാജാവിന്റെ ഭോജനം കൊണ്ടും, വീഞ്ഞു കൊണ്ടും, അശുദ്ധമാകാൻ തന്നെ ഏല്പിക്കുകയില്ല എന്ന ഉറപ്പ്. രാജസന്നിധിയിൽ ഉപയോഗിച്ചിരുന്ന ചില ഭക്ഷണ സാധനങ്ങൾ ദൈവം യിസ്രായേൽ മക്കളോട് 'അരുത്' എന്നു പറഞ്ഞിരുന്ന ചിലതിന്റെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. അതിനോട് തീർത്തും വേർപെട്ടിരിക്കാൻ ഹൃദയത്തിൽ നിശ്ചയിച്ചു. എത്ര ആഴത്തിൽ നാം ഏറ്റെടുക്കേണ്ടതായ ഒരു ചിന്ത ആകുന്നു ഇത്. ലോകത്തിൽ നാം ആയിരിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ പലതിനോടും വേർപാടും വിശുദ്ധിയും പാലിക്കേണ്ടി വരുമ്പോൾ, നമ്മുടെ ജീവിതം പരാജയപ്പെട്ടു പോകുന്നില്ലേയെന്ന് ശോധന ചെയ്യേണ്ടിയിരിക്കുന്നു. ദൈവത്തിൽ ആശ്രയിച്ചുകൊണ്ട്, എന്തു നഷ്ടം വന്നാലും, ദൈവം 'വേണ്ട' എന്നു പറയുന്നതിനോട് അങ്ങനെ തന്നെയുള്ള ഒരു സമീപനം ജീവിതത്തിൽ ആവശ്യമാകുന്നു. കർത്താവ് പഠിപ്പിച്ചതു പോലെ "ലോകക്കാരെങ്കിലും ലോകത്തിലുള്ളവരെപ്പോലെയല്ല" എന്നാകണം ദൈവ മക്കൾ ഓരോരുത്തരും. അതേ, ലോകത്തിൽ നിന്ന് മാറിനിന്ന് ഒരു ജീവിതം സാദ്ധ്യമല്ല, എന്നാൽ ചിലതിനോട് ഒരു വിടവ് കല്പിച്ചുകൊണ്ട് ലോകത്തെ ജയിച്ച യേശുവിന്റെ സാക്ഷികളായി നിലകൊള്ളുക എന്നതാണ് ദൈവേഷ്ടം. ഇന്ന് മനുഷ്യനെ പ്രസാദിപ്പിക്കുവാൻ ക്രിസ്ത്യാനി പലതും ത്യജിച്ചുകളയുന്നു. അവന്റെ വിശ്വാസം, ആശ്രയം, സ്നേഹം തുടങ്ങി പലതും. അവ നമ്മുടെ ചിന്തകളിലും തീരുമാനങ്ങളിലും സ്വഭാവത്തിലും പ്രതിഫലിക്കുകയും ചെയ്യുന്നു. ഇന്ന് ദൈവത്തെ അറിയാത്തവനിൽ നിന്ന് യാതൊരു വ്യത്യാസവും ഇല്ലാത്ത വിധം സാക്ഷ്യജീവിതം പരാജയപ്പെട്ടു പോകുന്ന ഒരു കാഴ്ചയാണ് കാണുന്നത്. ദാനിയേൽ ചിലത് വർജ്ജിച്ചുവെങ്കിലും അത് ഭക്ഷിച്ച ബാലന്മാരെക്കാളും അഴകും മാംസപുഷ്ടിയും അവനിൽ ദർശിക്കാൻ ഇടയായി. അവനോടു തുല്യമായി രാജസന്നിധിയിൽ വന്ന ഒരുത്തനും ഇല്ലായിരുന്നുവെന്ന് ദൈവ വചനം പറയുന്നു. സകലരിലും വച്ച് ജ്ഞാനത്തിലും, വിവേകത്തിലും പത്തിരട്ടി വിശിഷ്ടവാനായി അവനെ കണ്ടു. എത്ര അത്ഭുതകരമായ കാഴ്ച. ഈ സമർപ്പണം തന്നെയാണ് ഇന്നും ദൈവം തന്റെ മക്കളിൽനിന്നും ആഗ്രഹിക്കുന്നത്. അവനു പകരം

കൊടുക്കാൻ നമ്മുക്കു തുല്യം ഒന്നുമില്ല, കാരണം, എല്ലാം അവന്റെ ദാനം മാത്രമാകുന്നു. എന്നാൽ ദൈവപ്രസാദമുള്ള ഒരു ജീവിതം നയിക്കാൻ നമ്മെതന്നെ ഏല്പിച്ചു കൊടുക്കാനുള്ള ഒരു ഹൃദയം, ഒരു ഉറച്ച നിശ്ചയം അതു മാത്രം മതി. ജീവിതത്തിൽ ഏതു മേഖലയിൽ ആയിരുന്നാലും ദൈവപൈതലാണെന്ന വ്യത്യാസം നമ്മുടെ സകല ഇടപാടുകളിലും ഉണ്ടായിരിക്കണം. ദാനിയേലിനെ അനുഗ്രഹിച്ച ദൈവം, നമ്മുടെ ദൈവം, സകല ജാതികളിലും സമൂഹത്തിലുംവച്ച് തന്റെ മക്കളെ ജ്ഞാനവും, വിവേകവും, സാമർത്ഥ്യവും തന്ന്, അഴകും, പുഷ്ടിയുള്ളവരുമാക്കുവാൻ അവൻ മതിയായവനാകുന്നു. തീർച്ചയായും നമ്മെ പരിപാലിക്കും, അന്ത്യത്തോളം മാനിക്കുകയും ചെയ്യും. പത്തിരിട്ടി വൈശിഷ്ട്യന്മാരായി തീർക്കുവാൻ നമ്മെ ദൈവകരങ്ങളിലേക്ക് സമർപ്പിച്ചു കൊടുക്കാം. ദാനിയേലിന്റെ ജീവിതത്തിലുടനീളം ദർശിച്ച വേർപാടും, വിശുദ്ധിയും, ദൈവത്തോടുള്ള വിശ്വസ്തതയും, സമർപ്പണവും എല്ലാക്കാലത്തും ദൈവ മക്കൾക്ക് ഒരു മാതൃകയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

പരാമർശം :

1 തെസ്സലൊനീക്യർ 4:3

ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ.

എബ്രായർ 12:14

എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.

സിസ്റ്റർ ബിന്ദു റെജി അയ്മനം 024